# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1827      15/07/2016-ൽ മറുപടിയുണ്ടായിരുന്നത്

## വാച്ചുമരം, ഷോളയാർ, ആനക്കയം വാഴച്ചാൽ തുടങ്ങിയ ആദിവാസി കോളനികളിലെ കുടുംബങ്ങൾക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | അതിരപ്പിള്ളി പഞ്ചായത്തിലെ വാച്ചുമരം, ഷോളയാർ, ആനക്കയം, വാഴച്ചാൽ തുടങ്ങിയ ആദിവാസി കോളനികളിലെ കുടുംബങ്ങൾക്ക് കൃഷിക്കും താമസത്തിനുമായി ഭൂമി നൽകുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ), ബി), സി) & ഡി) | അതിരപ്പിള്ളി പഞ്ചായത്തിലെ വാച്ചുമരം, ഷോളയാർ, ആനക്കയം, വാഴച്ചാൽ തുടങ്ങിയ ആദിവാസി കോളനികളിലെ കുടുംബങ്ങൾക്ക് താമസത്തിനായി വനാവകാശ നിയമപ്രകാരം ഭൂമി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |
| ബി) | ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | | |
| സി) | ആനക്കയം ഭാഗത്ത് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭൂമി ഇവർക്ക് വിതരണം ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | | |
| ഡി) | ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി ഭൂമി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ? | | |

| കോളനി | കുടുംബങ്ങളുടെ എണ്ണം | വ്യക്തിഗത വനാവകാശ രേഖ നൽകിയവരുടെ എണ്ണം | ഭൂമിയുടെ അളവ് (ഹെക്ടർ) | റിമാർക്സ് |
|---|---|---|---|---|
| വാച്ചുമരം | 51 | 43 | 4.94 | 8 മലയൻ കുടുംബങ്ങൾ, 35 കാടർ കുടുംബങ്ങൾ |
| വാഴച്ചാൽ | 64 | 36 | 1.84 | കാടർ കുടുംബങ്ങൾ |
| ഷോളയാർ | 21 | 21 | 2.59 | കാടർ കുടുംബങ്ങൾ |
| ആനക്കയം | 17 | 12 | 1.78 | കാടർ കുടുംബങ്ങൾ |

വാച്ചുമരം, വാഴച്ചാൽ സങ്കേതങ്ങളിലാണ് സ്ഥല ലഭ്യതക്കുറവ് ഏറ്റവും അധികം ഉള്ളത്. ടി.ആർ.ഡി.എം. പദ്ധതിയിൽ തൃശ്ശൂർ വ്യാസ കോളേജിനു സമീപമുള്ള ഭൂമി നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത

| | | | |
|---|---|---|---|
| | | | പ്പോൾ ആ കോളനിയിലുള്ളവർ അവിടെ താമസിക്കുവാൻ തയ്യാറല്ലെന്ന് അറിയിച്ചിട്ടുള്ളതാണ്. ഈ കോളനികളിൽ നിന്നും ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതിയിൽ ആരും തന്നെ അപേക്ഷ സമർപ്പിച്ചിട്ടില്ല. കാടർ വിഭാഗത്തിൽപ്പെട്ട ഇവർ വനപ്രദേശത്ത് നിന്നും നാട്ടിൻ പുറങ്ങളിൽ വന്ന് താമസിക്കുവാൻ വിമുഖത കാട്ടുന്നവരാണ്. ആയതിനാൽതന്നെ വാച്ചുമരം സങ്കേതത്തിലെ കുടുംബങ്ങൾക്ക് ആനമുക്ക് എന്ന സ്ഥലത്ത് 19 ഹെക്ടർ (ഏകദേശം 50 ഏക്കറോളം) വനഭൂമി ലഭ്യമാക്കുന്നതിന് വനം വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**